# കേരളാ പോലീസ്

# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

(25-04-2009 മുതൽ 1-05-2009 വരെ)

## ഷെമീം വധം ; രണ്ടുപേർ അറസ്റ്റിൽ

തൃശ്ശൂർ വരവൂർ പിലാക്കാട് കുന്നത്തുവളപ്പിൽ ഷാഹുൽ ഹമീദിന്റെ മകൻ ഷെമീമിനെ 27.3.2009 മുതൽ കാണാതാവുകയും അഞ്ചാം ദിവസം വീടിന് ഒരു കിലോമീറ്ററോളം അകലെ പൊന്തക്കാട്ടിൽ മൃതദേഹം അഴുകിയ നിലയിൽ കണ്ടെത്തുകയും ചെയ്ത കേസ്സിലെ പ്രതികളായ തളികടുകശ്ശേരിയിൽ താമസ്സക്കാരനായ അബ്ദുൾ ഖാദറിനെയും ഇയാളുടെ ബന്ധുവായ ഉമ്മറിനെയും ക്രൈം ഡിറ്റാച്ച്മെന്റ് DySP യുടെ നേതൃത്വത്തിലുള്ള പോലീസ് സംഘത്തിന്റെ ഊർജ്ജിതമായ അന്വേഷണത്തിന്റെ ഫലമായി 25/4/09 ന് 7 മണിയോടുകൂടി ഒലവക്കോട്ടുനിന്നും അറസ്റ്റ് ചെയ്തു.

( Cr. No. 106/09 TSR Erumapetty PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Shri.T.C Venugopal DySP, Shri.P.Vikraman CI, Gr.HC 3603, HC 3702, PCs 4627, 4638, 4852, 4645 DVR PC 313 AR TCR

## കൊലക്കേസ് പ്രതികൾ പിടിയിലായി

മണിമല പോലീസ് സ്റ്റേഷനിലെ Cr.253/2007 u/c Man Missing കേസ്സിലെ കാണാതായ ഗോപകുമാർ എന്നയാളിനെ 30.11.2007-ന് കൊലപ്പെടുത്തിയശേഷം പത്തനംതിട്ട പമ്പ റൂട്ടിലെ കാട്ടിൽ മറവ് ചെയ്ത കേസ്സിലെ പ്രതികളായ ബിനുരാജ്, ഉണ്ണികൃഷ്ണൻ, ബിജൂ എന്നിവരെ 26.4.2009 തീയതി കോട്ടയം DySP യുടെ നേതൃത്വത്തിൽ കോട്ടയം ഈസ്റ്റ് പോലീസ് വിവിധ സ്ഥലങ്ങളിൽ നിന്നും അറസ്റ്റ് ചെയ്തു.

( CP 276/2009 KTM Kottayam East PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Shri.P.K Madhu DySP, Shri. Gireesh P Saraty CI, Sri. U Sreejith SI, Sri. Nirmal Boss SI, Sri. C.R Sasidharan ASI, HCs 4913, 4981 PCs 5732, 5826, 5849, 5929, 6548, 6605, 6618, 6619, 6641, 6674, 5782, 6371, 6291, 6374, 5948, DVR PCs 6782, 6931

## 3,50,000/- രൂപയുടെ കുഴൽപ്പണം പിടിച്ചെടുത്തു

25.4.2009 ഉച്ചയ്ക്ക് 12 മണിയോടുകൂടി പരപ്പനങ്ങാടി പോലീസ് കോട്ടത്തറ ഭാഗത്ത് പട്രോൾ ഡ്യൂട്ടി നോക്കിവരവെ സംശയാസ്പദമായ സാഹചര്യത്തിൽ കണ്ട മോട്ടോർ സൈക്കിൾ യാത്രക്കാരനായ അബ്ദുൾ അസ്സീസിനെ കസ്റ്റഡിയിലെടുത്ത് വിശദമായി ചോദ്യം ചെയ്തതിലും പരിശോധിച്ചതിലും ടിയാന്റെ പക്കൽനിന്നും 3,50,000/- രൂപയുടെ കുഴൽപ്പണം കണ്ടെടുത്തു. മേൽ നടപടിയ്ക്കായി അബ്ദുൾ അസ്സീസിനെ എൻഫോഴ്സമെന്റ് അധികൃതർക്ക് കൈമാറി..

( MPM, Parappanangadi PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Shri. K.S Sujithkumar SI, Shri.Balan ASI, PCs 3785

## 560 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തു

26.4.2009 രാവിലെ 7.30 മണിയോടുകൂടി കസബ പോലീസ് പുതുശ്ശേരി ജംഗ്ഷനിൽ വാഹന പരിശോധന നടത്തുന്നതിനിടെ സംശയാസ്പദമായ സാഹചര്യത്തിൽ കാണപ്പെട്ട ഒരു മാരുതി കാറിനെ തടഞ്ഞുനിർത്തി വിശദമായി പരിശോധിച്ചതിൽ കാറിനുള്ളിൽ കന്നാസുകളിൽ ഒളിപ്പിച്ച് വച്ചിരുന്ന 560 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുക്കുകയും കാറിലുണ്ടായിരുന്ന ജിജോയെ കസ്റ്റഡിയിലെടുക്കുകയും ചെയ്തു.

(Cr. 178/09 PKD, Kasaba PS.)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Shri. P.C Chacko SI, HC 3643, PCs 442, DVRPC 5080.

## അഞ്ചുകിലോ കഞ്ചാവുമായി രണ്ടുപേർ പിടിയിൽ

എറണാകുളം നഗരത്തിൽ വില്പനയ്ക്കായി കൊണ്ടുവന്ന അഞ്ചുകിലോ കഞ്ചാവുമായി എഴുപുന്ന സ്വദേശികളായ ഷാജിയേയും ബിനുവിനേയും 25.4.09 വൈകിട്ട് 5.45 മണിയോടെ എറണാകുളം KSRTC ബസ് സ്റ്റാന്റിന് സമീപത്തുനിന്നും എറണാകുളം സെൻട്രൽ പോലീസ് അറസ്റ്റ് ചെയ്തു.

( Cr. No. 921/09 EKM City, EKM Central PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Shri. Aneesh V Kora, CI, Shri. K.C Joseph SI, HCs 5045, PCs 8251, 8977, 9187

## അനാശാസ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ഒമ്പതുപേരെ പിടികൂടി

എറണാകുളം ചെറുപറമ്പത്ത്റോഡിലുള്ള വാടകവീട്ടിൽ അനാശാസ്യ പ്രവർത്തനം നടക്കുന്നതായി എറണാകുളം സൗത്ത് പോലീസിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ 30.4.2009 ന് രാത്രി 10 മണിയോടുകൂടി പോലീസ് നടത്തിയ റെയ്ഡിൽ 3 സ്ത്രീകളുൾപ്പെടെ ഒമ്പതുപേരെ അറസ്റ്റ് ചെയ്തു

(Cr.No.481/09, EKM C, EKM South PS.)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Shri. Shajimon Joseph CI, PCs 8399, 7817, WPCs 6520, 9922

## പിടികിട്ടാപുള്ളി പിടിയിലായി

വാറണ്ട് ഉൾപ്പെടെ നിരവധി ക്രിമിനൽ കേസിലെ പ്രതിയും പിടികിട്ടാപുള്ളിയുമായ മാധവപുരം കരിയ്ക്കകം അമ്മൻ കാവിൽ വിനോദിനെ വലിയതുറ പോലീസ് 27.4.2009 ന് വൈകിട്ട് 6 മണിയോടുകൂടി മാധവപുരം ഭാഗത്തുനിന്നും അറസ്റ്റ് ചെയ്തു.

( CP 154/2008 Cr.No. 396/2004 TVM C Valiyathura PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Shri.K.J Johnson SI, Sri. Mohhamed Khan Jr.SI, Sri. Sathikumar Addl.SI, HC 8552, PCs 9383, 9936